(ബി) ഇവർക്കായി പ്രത്യേകഘടക പദ്ധതിയിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുകയിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ അനുവാദം നൽകുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

33(5480) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ശോചനീയാവസ്ഥയിലുള്ളതല്ല. ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടപ്പിലാക്കുന്നുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് എല്ലാ ഹോസ്റ്റലുകളിലും പാർട്ട് ടൈം സ്വീപ്പർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ, വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊതുകുവല, ബെഡ്, ബെഡ്കവർ, ബെഡ് ഷീറ്റ് എന്നിവ ആവശ്യാനുസരണം അനുവദിച്ച് നൽകുന്നുണ്ട്. സോളാർ പാനൽ, ഹോസ്റ്റലുകളിൽ പെൺകുട്ടികൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം

34(5481) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly